# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**സെപ്റ്റംബർ 28**

**September 28**

**2019**

***1193 കന്നി* 12 ശനി**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മാനേജ്മെന്റ് ട്രെയിനി തെരഞ്ഞെടുപ്പ്**

റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന് കീഴിൽ മാനേജ്മെന്റ് ട്രെയിനികളായി തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്തുപരീക്ഷ ഒക്ടോബർ 12ന് രാവിലെ 10 മുതൽ 11.15 വരെ വടശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നടത്തും. അപേക്ഷ സമർപ്പിച്ച പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർ ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന തിനുള്ള സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ കാർഡ്, ഹാൾടിക്കറ്റ് എന്നിവ സഹിതം രാവിലെ 9.30ന് ഹാജരാകണമെന്ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അറിയിച്ചു.

(പിഎൻപി 2690/19)

**നോർക്ക റൂട്ട്സ് തൊഴിൽ വൈദഗ്ധ്യ പരിശീലനം**

വിദേശരാജ്യങ്ങളിൽ തൊഴിൽ സാധ്യതയുള്ള ആട്ടോകാഡ് ടുഡി, ത്രീഡി, ഓട്ടോമൊബൈൽ ടെക്നീഷ്യൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നിവയിൽ നോർക്ക റൂട്ട്സ് തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകും. മൂന്ന് മാസ ദൈർഘ്യമുള്ള പരിശീലനത്തിന് 18നും 45നും മധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ മൂന്ന്. അപേക്ഷാഫോറവും കൂടുതൽ വിവരവും ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിൽ ലഭിക്കും. ഫോൺ: 0468 2258710.

(പിഎൻപി 2691/19)

**ചുരുക്കപ്പട്ടിക**

ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് രണ്ട് (എൻസിഎ-എസ് ഐയുസി-എൻ) (കാറ്റഗറി നമ്പർ 458/17) തസ്തികയിലേക്കുള്ള ഉദ്യോഗാർഥികളുടെ

ചുരുക്കപ്പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു. (പിഎന്‍പി 2692/19)

## ഇന്ത്യന്‍ എയര്‍ഫോഴ്സ് :എയര്‍മെന്‍ പബ്ലിസിറ്റി ക്യാമ്പയിന്‍ നാളെ

ഇന്ത്യന്‍ എയര്‍ഫോഴ്സില്‍ എയര്‍മെന്‍ തസ്തികയിലേക്ക് ഒക്ടോബര്‍ 2 1 മുതല്‍ 23 വരെ കോയമ്പത്തൂരില്‍ റിക്രൂട്ട്മെന്റ് നടക്കും. റിക്രൂട്ട്മെന്റ് പബ്ലിസിറ്റി ക്യാമ്പയിന്‍ ജില്ലയിലെ വിവിധ ബിഎഡ് കോളേജുകളില്‍ നാളെ (30) നടക്കുമെന്ന് എയര്‍മെന്‍ സെലക്ഷന്‍ കമാന്‍ഡര്‍ അറിയിച്ചു. വിശദ വിവരങ്ങള്‍ക്ക്: 0484-2423093, 7409834300.

(പിഎന്‍പി 2693/19)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 28<br>September 28 | 2019 |
|---|---|

***1193 കന്നി*** 12 ശനി

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**മഹാത്മാഗാന്ധിയുടെ 150 –ാം ജന്മവാർഷികം;**
**ജില്ലയിൽ വിപുലമായ വാരാചരണം**

മഹാത്മാഗാന്ധിയുടെ 150–ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ജില്ലയിൽ ഗാന്ധിജയന്തി വാരാചരണം വിപുലമായി നടത്തും. എഡിഎം:സജി എഫ് മെൻഡിസിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനമായത്. ജില്ലാതല ഉദ്ഘാടനം ഒക്ടോബർ ര ിന് രാവിലെ ഏഴിന് റിംഗ് റോഡിന്റെ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചുകൊ ് ജില്ലാ കളക്ടർ പി.ബി നൂഹ് നിർവഹിക്കും. ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, ഐ.ടി മിഷൻ, തദ്ദേശഭരണവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യം, മറ്റ് സർക്കാർ വകുപ്പുകൾ, സംഘടനകൾ, ഗാന്ധിയൻ സംഘടനകൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് വാരാചരണം സംഘടിപ്പിക്കുന്നത്.

ഒക്ടോബർ ര ു മുതൽ എട്ട് വരെയാണ് വാരാചരണം. കോന്നി നിയോജക മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കർശനമായി പാലിച്ചുകൊ ാകും വാരാചരണം സംഘടിപ്പിക്കുക. ര ിന് ജില്ലാതല ഉത്ഘാടനത്തിന് മുമ്പായി രാവിലെ ഗാന്ധി പ്രതിമയിൽ ജില്ലാ കളക്ടർ പി.ബി നൂഹ് ഹാരാർപ്പണം നടത്തും. രാവിലെ 8.30ന് പത്തനംതിട്ട – എക്സൈസ് വകുപ്പിന്റെ ഏകോപനത്തിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ ശാന്തിയാത്ര സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ ജില്ലാ കളക്ടർ ഫ്ളാഗ് ഓഫ് ചെയ്യും. അവിടെ നിന്നും സെൻട്രൽ ജംഗ്ഷനിൽ എത്തിച്ചേർന്ന് മഹാത്മാഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി പോസ്റ്റ് ഓഫീസ്

റോഡിലൂടെ പത്തനംതിട്ട മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ സമാപിക്കും. ജില്ലയിലെ ആറു താലൂക്കുകളിലെ ആറ് സ്കൂളുകളിൽ ഒക്ടോബർ 1 മുതൽ 4 വരെ വിമുക്തി ബോധവത്ക്കരണ സന്ദേശവും ഗാന്ധി അനുസ്മരണവും പത്തനംതിട്ട എക്സൈസിന്റെ ആഭിമുഖ്യത്തിൽ നടത്തും.

ര ുമുതൽ എട്ടുവരെയുള്ള ദിവസങ്ങളിൽ ഗാന്ധി സന്ദർശിച്ച സ്ഥലം എന്ന നിലയിൽ ചരിത്രപ്രാധാന്യമുള്ള ഇലന്തൂരിൽ ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസിന്റെ ആഭിമുഖ്യത്തിൽ അനുസ്മരണവും സെമിനാറും, ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തണ്ണിത്തോട് ഇലവുങ്കൽ കോളനിയിലെ അമ്പതോളം കുടുംബങ്ങൾക്ക് ശുചിത്വബോധവത്ക്കരണം, എഴിക്കാട് കോളനിയിൽ പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യവിഭാഗത്തിന്റെ മെഡിക്കൽ ക്യാമ്പ്, ഇലന്തൂർ, കോയിപ്രം, മല്ലപ്പള്ളി, പുളിക്കീഴ് ബ്ലോക്കുകളിൽ വാർഡ്തല ഹരിതനിയമ ക്യാമ്പയിനുകൾ, തിരുവല്ല, പത്തനംതിട്ട ഉപജില്ലകളിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ചിത്രരചന, ക്വിസ് മത്സരങ്ങൾ, പട്ടിക ജാതി, വർഗ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ 'ഐക്യത്തിലൂടെ അതിജീവനം' എന്ന വിഷയത്തിൽ സെമിനാറുകൾ, വിവിധ മത്സരങ്ങൾ, സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ഗാന്ധിയൻ സെമിനാർ, എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ ശുചിത്വ തപസ് എന്ന പേരിൽ പരിപാടി തുടങ്ങിയവ സംഘടിപ്പിക്കും.

സംസ്ഥാന യുവജനക്ഷേമ ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ അടൂർ ബൈപ്പാസ് ശുചീകരണവും തൈകൾ വച്ചുപിടിപ്പിക്കലും നടത്തും. പട്ടികവർഗ്ഗ വകുപ്പിന്റെ ഓഫീസിന്റെ നേതൃത്വത്തിൽ റാന്നി മിനി സിവിൽ സ്റ്റേഷനിലുള്ള തയ്യൽ പരിശീലന കേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തും.

ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒക്ടോബർ ര ിന് രാവിലെ പ്രത്യേക അസംബ്ളി വിളിച്ചു ചേർത്ത് ശുചികരണ പ്രവർത്തനങ്ങൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തും. പഞ്ചായത്ത്, ബ്ലോക്ക്, മുൻസിപ്പൽ തലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നടക്കും.

വിവിധ വകുപ്പുകൾ നടത്തുന്ന പരിപാടികളുടെ ഒരു മിനിറ്റ് ദൈർഘ്യമുള്ള മികച്ച വീഡിയോയ്ക്ക് ജില്ലാ ഇൻഫർമേഷൻ ഓഫീസ് സമ്മാനം നൽകും. ഗാന്ധിജയന്തി വാരാചരണം ഡിജിറ്റൽ പോസ്റ്റർ മത്സരം, ഗാന്ധിയൻ സന്ദേശം പ്രചരിപ്പിക്കുന്ന ഒരു മിനിറ്റ് ദൈർഘ്യമുള്ള സ്കിറ്റ് മത്സരം തുടങ്ങിയവയും ജില്ലാ ഇൻഫർമേഷൻ ഓഫീസ് സംഘടിപ്പിക്കും. യോഗത്തിൽ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുത്തു.

(പിഎൻപി 2694/19)

## വാഹനം ആവശ്യമു ്

പാലിയേറ്റീവ് കെയർ പദ്ധതി ഹോം കെയറിന്റെ ഭാഗമായി പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രതിമാസം 16 ദിവസം ഭവന സന്ദർശനത്തിന് ജീവനക്കാരെ കൊ ു പോകുന്നതിന് ടാക്സി വാഹനം നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഒക്ടോബർ അഞ്ച് വരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ സ്വീകരിക്കും.

(പിഎൻപി 2695/19)

## റിംഗ് റോഡ് സൗന്ദര്യവൽക്കരിക്കുന്നു; എല്ലാവരുടേയും പിന്തുണതേടി ജില്ലാ കളക്ടർ

പത്തനംതിട്ട റിംഗ് റോഡിനെ പൂർണമായും സൗന്ദര്യവൽക്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഗാന്ധിജയന്തി ദിനത്തിൽ തുടക്കം കുറിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ്. ഗാന്ധിജയന്തി ദിനത്തിൽ 5.8 കിലോമീറ്റർ ദൈർഘ്യമുള്ള റിംഗ് റോഡ് ശുചീകരിക്കുകയും ര ാം ഘട്ടമായി സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം

കുറിക്കുകയും ചെയ്യുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നടത്തുന്ന വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ട റിംഗ് റോഡിന്റെ ശുചീകരണമാണ്. ഇതിന്റെ പ്രവർത്തനം എങ്ങനെ നടത്തണമെന്ന് ആലോചിക്കുന്നതിനായി കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുട്ടികളിൽ മാലിന്യ സംസ്ക്കരണത്തിൽ പുതിയ സംസ് ക്കാരമു ാക്കിയെടുക്കുകയാണ് ലക്ഷ്യം. ശുചീകരണത്തിന്റെ ഉദ്ഘാടനം രാവിലെ ഏഴിന് മുൻസിപ്പൽ സ്റ്റേഡിയത്തിൽ ജില്ലാ കളക്ടർ നിർവഹിക്കും. എല്ലാ ജനങ്ങളേയും ഉൾക്കൊള്ളിച്ചുകൊ ുള്ള വലിയ പ്രവർത്തനമാണ് ജില്ലാ ഭരണകൂടം ലക്ഷ്യമിടുന്നത്. ജില്ലാ ഭരണകൂടം, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഹരിത കേരളം മിഷൻ-ശുചിത്വമിഷൻ, പത്തനംതിട്ട നഗരസഭ എന്നിവയുടെ നേതൃത്വത്തിൽ ടൗണിനടുത്തുള്ളതും സമീപ പ്രദേശത്തുള്ളതുമായ സ്കൂൾ കോളജുകളിലെ വിദ്യാർഥികൾ, റസിഡൻസ് അസോസിയേഷൻ, വിവിധ ക്ലബ്ബുകൾ, വ്യാപാരി വ്യവസായി സംഘടനകൾ, ഓട്ടോ ടാക്സി യൂണിയനുകൾ, വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ, ഐടി മിഷൻ, പെട്രോൾ പമ്പുകൾ, പ്രദേശവാസികൾ തുടങ്ങി ആയിരത്തിലധികം പേർ ശുചീകരണത്തിന്റേയും സൗന്ദര്യവത്കരണത്തിന്റേയും ഭാഗമാകും.

സൗന്ദര്യവത്ക്കരണത്തിന്റെ ആദ്യപടിയായി റിംഗ് റോഡ് ശുചീകരിക്കും. ശേഷം ശുചിയാക്കിയ സ്ഥലം ഏരിയ തിരിച്ച് സ്കൂൾ, കോളേജ്, മറ്റ് സംഘടനകൾ എന്നിവർക്ക് അൻപത് മീറ്റർ എന്ന നിലയിൽ നൽകുകയും അവർ ചെടികൾ നട്ട് പരിപാലിക്കുകയും ചെയ്യുകയാണ് പദ്ധതി. ഏറ്റെടുക്കുന്ന സ്ഥലത്ത് അവരുടെ നെയിം ബോർഡുകൾ സ്ഥാപിക്കും. ഏറ്റവും മികച്ച രീതിയിൽ പരിപാലിക്കുന്നവർക്ക് അടുത്ത ഗാന്ധിജയന്തി ദിനത്തിൽ അവാർഡ് നൽകും. കളക്ടേഴ്സ് അറ്റ് സ്കൂൾ എല്ലാ സ്കൂളുകളിലു കോളജുകളിലും നിർബന്ധമായി പാലിക്കണമെന്നും കളക്ടർ പറഞ്ഞു.

ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി ശുചിത്വ മിഷൻ പഞ്ചായത്ത്, നഗരസഭ തലത്തിൽ പ്ലാസ്റ്റിക് ശേഖരണം നടത്തും. പൊതു സ്ഥലങ്ങൾ സ്കൂളുകൾ തുടങ്ങിയവ വൃത്തിയാക്കുന്ന പദ്ധതിയും നടപ്പിലാക്കും. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് പാത്രങ്ങൾ, ഗ്ലാസുകൾ തുടങ്ങിയവ ഗാന്ധിജയന്തിക്ക് മുൻപ് നിരോധിക്കണമെന്നും കൂടാതെ അവയ്ക്കുള്ള ബദൽ മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ശുചിത്വമിഷൻ ജില്ലാ കോ- ഓർഡിനേറ്റർ നഗരസഭ പ്രതിനിധിയെ അറിയിച്ചു.

ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ സി.രാധാകൃഷ്ണൻ, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ, സ്കൂൾ, കോളേജ് പ്രതിനിധികൾ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. (പിഎൻപി 2696/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് എഡിഎം സജി എഫ് മെൻഡിസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗം.
2) ഗാന്ധിജയന്തിവാരാചരത്തിന്റെ ജില്ലാതല ഉദ്ഘാടന പരിപാടിയായ റിംഗ് ശുചീകരണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം.





വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.